സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 178 2024 നവംബർ 01 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ട്രംപിന്റെ ഇകഴ്ത്തിപ്പാട്ടിനിടയിൽ നിശബ്ദമാക്കപ്പെടരുത്

വാഷിംഗ്ടൺ: നവംബർ അഞ്ചാം തീയതിയാണ് അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റിനെ ജനങ്ങൾ തിരഞ്ഞെടുക്കാൻ പോകുന്നത്. കടുത്ത മത്സരമാണ് അവിടെ നടക്കുന്നത് എന്നാണ് സർവേകൾ സൂചിപ്പിക്കുന്നത്. ക്രോധം, പക എന്ന 2 കുതിരകൾ വലിക്കുന്ന രഥത്തിലാണ് ഡൊണാൾഡ് ട്രംപ് രാഷ്ട്രീയ പ്രചാരണം നടത്തുന്നത്. പൊട്ടിത്തെറിക്കുന്ന ആണവകേന്ദ്രം പടർത്തുന്ന മാരകവായുവിനേക്കാൾ അപകടകരമായ ഭാഷയും സമീപനവുമാണ് അയാളുടേത്. ലോകരാഷ്ട്രീയത്തിലെ വലിയ അധികാരകേന്ദ്രമായ അമേരിക്കയുടെ സ്വാർഥതാൽപര്യങ്ങളുടെ, ഒരു മടിയും കൂടാതെ മറ്റു രാജ്യങ്ങളിലെ രാഷ്ട്രകാര്യങ്ങളിൽ സായുധമായും കുത്സിതമായും ഇടപെടുന്ന അമേരിക്കയുടെ ട്രംപ് മനസ്സ് തന്നെയാണ് പുറമേ സൗമ്യമെന്നു തോന്നുന്ന കമല ഹാരിസിന്റെ രാഷ്ട്രീയ കക്ഷിക്കുമെന്ന് അറിയാൻ സാമാന്യ ചരിത്രബോധം മതിയാകും.

ദിവ്യ പോലീസ് കസ്റ്റഡിയിൽ

ഇന്ന് വൈകിട്ട് അഞ്ചുമണിക്ക് ഹാജരാക്കണമെന്ന് കോടതി, ചോദ്യം ചെയ്യൽ തുടരുന്നു

കണ്ണൂർ: എഡിഎം നവീൻ ബാബുവിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് അറസ്റ്റിലായി റിമാൻഡിൽ കഴിയുന്ന കണ്ണൂർ ജില്ലാപഞ്ചായത്ത് മുൻ പ്രസിഡന്റ് പിപി ദിവ്യയെ ഒരു ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിട്ട് കോടതി. രണ്ടുദിവസത്തെ കസ്റ്റഡി അപേക്ഷയാണ് പോലീസ് നൽകിയതെങ്കിലും ഇന്നുവൈകിട്ട് അഞ്ചുമണിവരെ മാത്രം കസ്റ്റഡി അനുവദിക്കുകയായിരുന്നു കണ്ണൂർ ജുഡീഷ്യൽ ഒന്നാംക്ളാസ് മജിസ്ട്രേട്ടു കോടതി. വൈകിട്ട് 5മണിക്ക് ദിവ്യയെ തിരികെ കോടതിയിൽ ഹാജരാക്കണം.

കസ്റ്റഡി അനുവദിച്ചതിനെത്തുടർന്ന് ദിവ്യയെ ചോദ്യം ചെയ്യുന്നതിനായി എസിപി ഓഫീസിലേക്ക് കൊണ്ടുപോയിട്ടുണ്ട്. അറസ്റ്റിലായ അന്ന് പോലീസ് ദിവ്യയെ ചോദ്യംചെയ്തെങ്കിലും പല കാര്യത്തിലും വ്യക്തത വന്നിട്ടില്ല. ഇതിൽ വ്യക്തത വരുത്താൻ വേണ്ടിയാണ് ഇന്ന് വീണ്ടും ചോദ്യം ചെയ്യുന്നത്. കോടതിക്ക് പുറത്തേക്ക് കൊണ്ടുവരുന്നതിനിടെ മാദ്ധ്യമങ്ങൾ പ്രതികരണം തേടിയെങ്കിലും ദിവ്യ പ്രതികരിക്കാൻ തയ്യാറായില്ല.

അതിനിടെ ദിവ്യയുടെ ജാമ്യ ഹർജി ഇന്ന് തലശേരി കോടതി പരിഗണിക്കും. ഹർജിയിൽ നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷ കക്ഷി ചേരും. കോടതി മുൻകൂർ ജാമ്യ ഹർജി തള്ളിയതിനു പിന്നാലെ കഴിഞ്ഞദിവസമാണ് ദിവ്യ അന്വേഷണ സംഘത്തിന് മുന്നിൽ കീഴടങ്ങിയത്. 14 ദിവസത്തേക്ക് റിമാൻഡ് ചെയ്യപ്പെട്ട ദിവ്യ പള്ളിക്കുന്ന് വനിതാ ജയിലിലാണ് കഴിഞ്ഞിരുന്നത്.

ജയിലിൽ ദിവ്യയ്ക്ക് സുഖം

ദിവ്യയുടെ ജയിൽ വാസം ജീവനക്കാരുമായി സൗഹൃദ സംഭാഷണത്തിൽ മുഴുകിയും പത്രങ്ങൾ വായിച്ചും. മുൻ എസ്.എഫ്.ഐ, ഡി.വൈ.എഫ്. ഐ പ്രവർത്തക എന്ന നിലയിൽ വിവിധ സമരങ്ങളുമായി ബന്ധപ്പെട്ട് നേരത്തേയും ദിവ്യ റിമാൻഡിലായിട്ടുണ്ട്. റിമാൻഡ് തടവുകാരിയായതിനാൽ കൂടുതൽ നിയന്ത്രണങ്ങളൊന്നും സെൻട്രൽ ജയിലിനോടു ചേർന്ന വനിതാജയിലിലില്ല. ഇഷ്ടമുള്ള വസ്ത്രം ധരിക്കാം. രണ്ട് ബ്ലോക്കുകളാണ് വനിതാ ജയിലിനുള്ളത്. ആദ്യത്തെ ബ്ലോക്കിലാണ് ദിവ്യ. ഇത് പുതിയ കെട്ടിടമായതിനാൽ മികച്ച സൗകര്യങ്ങളുണ്ട്. സെൽ മുറിയിൽ ഒറ്റയ്ക്കാണ് ദിവ്യയെ പാർപ്പിച്ചിരിക്കുന്നത്.കസ്റ്റഡി അപേക്ഷ അംഗീകരിച്ചതോടെ പിപി ദിവ്യയുടെ ജാമ്യാപേക്ഷ അടുത്ത ദിവസത്തേക്ക് മാത്രമേ പരിഗണിക്കപ്പെടൂ. അടുത്ത തിങ്കളാഴ്ച മാത്രമേ ദിവ്യയുടെ ജാമ്യാപേക്ഷ പരിഗണിക്കാനുള്ള സാധ്യതയുള്ളൂ.

നവീൻബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് സഹോദരൻ കെ. പ്രവീൺബാബു നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ആത്മഹത്യാപ്രേരണക്കുറ്റം ചുമത്തിയാണ് ഒക്ടോബർ 17-ന് പോലീസ് കേസ് രജിസ്റ്റർ ചെയ്തത്. ജില്ലാപഞ്ചായത്ത് പ്രസിഡന്റ്സ്ഥാനം രാജിവെച്ച് അന്ന് ഒളിവിൽപ്പോയ ദിവ്യ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷ ചൊവ്വാഴ്ച രാവിലെ തലശ്ശേരി സെഷൻസ് കോടതി ജഡ്ജി കെ.ടി. നിസാർ അഹമ്മദ് തള്ളുകയായിരുന്നു.

സാദിഖലി ശിഹാബ് തങ്ങൾക്കെതിരെ ഒന്നും പറഞ്ഞിട്ടില്ല; നിലപാട് മയപ്പെടുത്തി ഉമർ ഫൈസി മുക്കം

മുക്കം: പാണക്കാട് തങ്ങൾക്കെതിരായ നിലപാട് മയപ്പെടുത്തി ഉമർ ഫൈസി മുക്കം. പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾക്കെതിരെ താൻ ഒന്നും പറഞ്ഞിട്ടില്ലെന്ന് സമസ്ത സെക്രട്ടറി ഉമർ ഫൈസി മുക്കം പറഞ്ഞു. പ്രസംഗിച്ചത് ചിലർ വളച്ചൊടിച്ചതാണ്. ജ്ഞാനമില്ലാത്തവർ ഖാസിമാരാകരുത് എന്ന നിലപാടിൽ മാറ്റമില്ല. ഉദ്ദേശിച്ചത് പാണക്കാട് തങ്ങളെയാണെന്ന് ചിലർ വ്യാഖ്യാനിച്ചതാണെന്നും തങ്ങളെയും പാണക്കാട് കുടുംബത്തെയും ബഹുമാനിക്കുന്ന ആളാണ് താനെന്നും ഉമർ ഫൈസി മുക്കം കോഴിക്കോട് മുക്കത്ത് പറഞ്ഞു. തന്റെ പരാമർശം സ്പർദ്ദ വളർത്തുന്നതാണെന്ന പി.കെ. കുഞ്ഞാലിക്കുട്ടിയുടെ പ്രതികരണം ഗൗരവമായി എടുക്കുന്നില്ലെന്നും ഉമർ ഫൈസി മുക്കം വ്യക്തമാക്കി

വാണിജ്യ സിലണ്ടർ വില കൂട്ടി

തിരു: വാണിജ്യാവശ്യത്തിനുള്ള പാചകവാതക വില വീണ്ടും കൂട്ടി. 19 കിലോ സിലിണ്ടറിന് 61.50 രൂപയുടെ വർധന. നാല് മാസത്തിനിടെ കൂടിയത് 157.50രൂപ. ഗാർഹിക സിലിണ്ടർ വിലയിൽ മാറ്റമില്ല

കൊടകര കുഴൽപ്പണക്കേസ്; രാഹുൽ മാങ്കൂട്ടത്തിലിനെ പോലുള്ള വ്യാജന്മാരോട് പ്രതികരിക്കാനില്ല: സുരേന്ദ്രൻ

തൃശ്ശൂർ: തെളിവില്ലാത്ത കാര്യങ്ങൾക്ക് ഒരാവശ്യവുമില്ലാതെ എന്തെങ്കിലും വിളിച്ച് പറഞ്ഞാൽ അത് കേൾക്കാൻ സമയമില്ലെന്ന് കൊടകര കുഴൽപ്പണക്കേകേസിൽ ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ മാധ്യമങ്ങളോട് പ്രതികരിച്ചു.

കുഴൽപ്പണ കേസുമായി ബി.ജെ.പിയെ ബന്ധപ്പെടുത്താനാകുന്ന ഒന്നുമില്ലെന്നും കെ.സുരേന്ദ്രൻ പറഞ്ഞു. 346 കേസുകളിൽ താൻ പ്രതിയാണെന്നും ഒരു കേസിൽ പോലും താൻ നിയമത്തെ വെല്ലുവിളിച്ചിട്ടില്ലെന്നും സുരേന്ദ്രൻ പറഞ്ഞു.

കേന്ദ്ര ഏജൻസികൾക്ക് കേസ് അന്വേഷിക്കണമെങ്കിൽ തെളിവു വേണമെന്നും സുരേന്ദ്രൻ പ്രതികരിച്ചു. രാഹുൽ മാങ്കൂട്ടത്തിലിനെ പോലുള്ള വ്യാജന്മാരോട് പ്രതികരിക്കാനില്ല. ഇതിനു പിന്നിൽ ആരാണെന്നു തനിക്കു വ്യക്തമായി അറിയാമെന്നും സുരേന്ദ്രൻ പറഞ്ഞു.

കൊടകര കുഴൽപ്പണ കേസിൽ കെ. സുരേന്ദ്രനെ രക്ഷിക്കാൻ ഇഡിയും കേരള പോലീസും തമ്മിൽ മത്സരമാണെന്ന് പാലക്കാട്ടെ യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ പറഞ്ഞിരുന്നു. ബിജെപിയിലെ ഭിന്നതയിൽ നിന്നാണ് ഇപ്പോഴത്തെ വെളിപ്പെടുത്തൽ ഉണ്ടായതെന്ന് ചൂണ്ടിക്കാട്ടിയ രാഹുൽ ബിജെപി ഓഫീസ് സെക്രട്ടറിയെ നിയന്ത്രിക്കുന്നത് താനാണെന്ന് സുരേന്ദ്രൻ പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോയെന്നും ചോദിച്ചു. ഈ ആരോപണം തെളിയിച്ചാൽ സുരേന്ദ്രൻ പറയുന്ന പണി ചെയ്യാം.

കൊടകരയിലെ സിപിഎം ബിജെപി ഡീലിന്റെ ഭാഗമായാണ് പാലക്കാട് പാർട്ടി ചിഹ്നത്തെ ഡമ്മി ആക്കിയതെന്നും രാഹുൽ മാങ്കൂട്ടത്തിൽ ആരോപിച്ചിരുന്നു.

ഒറ്റദിവസം; വാരിയത് കോടികൾ

ചെന്നൈ: ഒറ്റദിവസം; വാരിയത് കോടികൾ; ശിവകാർത്തികേയനും സായ് പല്ലവിക്കും സല്യൂട്ട്; അമരൻ ഹിറ്റ് ശിവകാർത്തികേയന്റെ സിനിമാജീവിതത്തിൽ പുത്തനുണർവാണ് 'അമരൻ' നൽകുന്നത്. ഈ ദീപാവലി തനിക്കുള്ളതാണെന്ന് ശിവകാർത്തികേയൻ നേരത്തെ തന്നെ പറഞ്ഞിരുന്നത്. ആ വാക്കുകൾ ഇപ്പോൾ സത്യമാകുന്നു. ഒറ്റദിവസം കൊണ്ട് 21 കോടിരൂപയിലധികം ചിത്രം വാരിക്കൂട്ടിയെന്നാണ് കണക്കുകൾ.

തമിഴ്നാട്ടിൽ നിന്നു മാത്രം 15 കോടി ചിത്രത്തിന് ലഭിച്ചു. വിജയ് ചിത്രം 'ഗോട്ട്' രജനികാന്തിന്റെ 'വേട്ടയൻ' കമൽഹാസന്റെ 'ഇന്ത്യൻ 2' എന്നീ സിനിമകളെക്കാൾ തുക റിലീസ് ദിനത്തിൽ തന്നെ അമരൻ നേടി. കശ്മീരിലെ ഷോപ്പിയാനിൽ 2014-ലെ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച മേജർ മുകുന്ദ് വരദരാജിന്റെ ജീവിതകഥ പറയുന്ന ചിത്രമാണ് 'അമരൻ'. മേജർ മുകുന്ദ് ആയി ശിവകാർത്തികേയനും ഭാര്യ ഇന്ദു റെബേക്കയായി സായ് പല്ലവിയുമാണ് എത്തിയത്. രാജ്കുമാർ പെരിയസാമിയാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്.

അസാമാന്യ ധൈര്യശാലിയായ ഒരു പട്ടാളക്കാരനും അയാളുടെ പ്രണയവും ജീവിതവും മരണവുമെല്ലാം പ്രേക്ഷകഹൃദയത്തിൽ ആഴത്തിൽ ഇറങ്ങിച്ചെല്ലുന്നതാണ്. ശിവകാർത്തികേയന്റെ കരിയർ ബെസ്റ്റിൽ ഒന്നായിരിക്കും ഈ സിനിമ എന്നാണ് ഭൂരിഭാഗം റിവ്യൂകളും എത്തുന്നത്. നായകനൊപ്പം നിൽക്കുന്ന പ്രകടനമാണ് ചിത്രത്തിൽ സായി പല്ലവി കാഴ്ചവച്ചിരിക്കുന്നത്. 'ഹൃദയസ്പർശി' എന്ന ഒറ്റവാക്കാണ് അമരൻ കണ്ടവർക്കെല്ലാം പറയാനുള്ളത്.

സിനിമ വിജയമാകുമെന്ന് ശിവകാർത്തികേയന് ഉറച്ച വിശ്വാസമുണ്ടായിരുന്നു. അദ്ദേഹം ചിത്രത്തിന്റെ പ്രൊമോഷൻ സമയത്ത് റേഡിയോ മാംഗോയോട് പറഞ്ഞ കാര്യങ്ങളും വൈറലാണ്.

'എന്റെയും ദുൽഖറിനെയും കരിയർ തമ്മിൽ ഒരു കോമൺ ഫാക്ടർ ഉണ്ട്. ഞങ്ങൾ രണ്ട് പേരുടെയും ആദ്യ സിനിമ പുറത്തിറങ്ങിയത് ഒരേ ദിവസമാണ്. 2012 ഫെബ്രുവരി മൂന്നിനാണ് എന്റെ ആദ്യത്തെ ചിത്രം മറീനയും ദുൽഖറിൻറെ സെക്കൻറ് ഷോയും റിലീസായത്. ദുൽഖറിന്റെ സിനിമകൾ വിജയിക്കുമ്പോഴെല്ലാം എനിക്ക് വളരെ സന്തോഷമാണ്. അദ്ദേഹത്തിനും തിരിച്ച് അങ്ങനെ തന്നെയാണ്'.

മോഹൻലാലുമായി സംസാരിച്ചു, അമ്മ സംഘടനയിൽ പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി ഉടൻ എന്ന് സുരേഷ് ഗോപി

കൊച്ചി: മലയാള സിനിമയിലെ അഭിനേതാക്കളുടെ സംഘടനയായ അമ്മയിൽ പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി ഉടൻ വരുമെന്ന് നടനും കേന്ദ്രമന്ത്രിയുമായ സുരേഷ് ഗോപി. ഇന്ന് അതിനുള്ള തുടക്കം താൻ കുറിച്ചിട്ടുണ്ടെന്നും, ഉത്തരവാദിത്തപ്പെട്ടവർ ഇനി വരട്ടേയെന്നും സുരേഷ് ഗോപി മാദ്ധ്യമങ്ങളോട് പ്രതികരിച്ചു. കൊച്ചിയിലെ അമ്മയുടെ ഓഫീസിൽ എത്തിയ സുരേഷ് ഗോപി ഫോണിൽ മോഹൻലാലുമായി സംസാരിച്ചു.

അമ്മ സംഘടിപ്പിച്ച കേരളപ്പിറവി ദിനാഘോഷത്തിലും കുടുംബസംഗമത്തിലും പങ്കെടുക്കാനാണ് സുരേഷ് ഗോപി എത്തിയത്. തുടർന്ന് ഉദ്ഘാടനത്തിന് ശേഷം പുറത്തിറങ്ങിയപ്പോഴായിരുന്നു സുരേഷ് ഗോപിയുടെ പ്രതികരണം. പറയേണ്ടതെല്ലാം താൻ മോഹൻലാലിനോട് പറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഹേമ കമ്മിറ്റി റിപ്പോർട്ട് വിവാദങ്ങൾക്ക് ശേഷം ആദ്യമായാണ് അമ്മ ഒരു പൊതുപരിപാടി സംഘടിപ്പിച്ചത്. മമ്മൂട്ടി ഉൾപ്പടെയുള്ള നടൻമാർ പങ്കെടുക്കും.

അതേസമയം അമ്മ സംഘടന ഇപ്പോഴും സജീവമാണെന്നും. ദൈനം ദിന പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നുണ്ടെന്നും നടൻ വിനു മോഹൻ പ്രതികരിച്ചു. സംഘടനയുടെ പുതിയ കമ്മിറ്റി സംബന്ധിച്ച ആലോചനകളും ചർച്ചകളും പുരോഗമിക്കുന്നുണ്ട്. അനുയോജ്യമായ തീരുമാനം ഉടൻ വരുമെന്ന് വിനു പറഞ്ഞു.

തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി ഒന്നടങ്കം രാജിവെച്ചതോടെ അഡ്ഹോക്ക് കമ്മിറ്റിയാണ് നിലവിൽ സംഘടനയുടെ താൽക്കാലിക ചുമതല നിർവഹിക്കുന്നത്. ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതിന് പിന്നാലെ ജനറൽ സെക്രട്ടറിയായിരുന്ന സിദ്ധിഖിനെതിരെ ലൈംഗീക ആരോപണം ഉയരുകയും സിദ്ധീഖ് രാജി വെക്കുകയും ചെയ്തിരുന്നു. ഇതിന് പിന്നാലെയാണ് പ്രസിഡന്റ് മോഹൻലാൽ അടക്കമുള്ള ഭാരവാഹികൾ രാജിവെച്ചത്.

'ദേ വന്നു, ദാ പോയി', ചടങ്ങിന് അരമണിക്കൂർ മുമ്പേ എത്തി; ആളുകളെത്തും മുമ്പ് ഉദ്ഘാടനം നടത്തി സുരേഷ് ഗോപി സ്ഥലംവിട്ടു

തൃശൂർ : കേന്ദ്രമന്ത്രി വന്നതും ഉദ്ഘാടനം നടത്തിപ്പോയതും ആരും അറിഞ്ഞില്ല. ഓടിക്കിതച്ച് ഡിവിഷൻ കൗൺസിലറും ബി.ജെ.പി പാർലമെന്ററി പാർട്ടി ലീഡറും എത്തിയപ്പോഴേക്കും കേന്ദ്രമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം നടത്തി സ്ഥലം വിട്ടിരുന്നു.

രാജ്യസഭാ എം.പിയായിരിക്കെ സുരേഷ്ഗോപിയുടെ എം.പി ഫണ്ട് ഉപയോഗിച്ച് ഒരു കോടി രൂപ ചെലവിൽ നവീകരിച്ച ശക്തൻ മത്സ്യമാർക്കറ്റിലെ ശുചിമുറി ബ്ലോക്കിന്റെയും കിണർ പുനരുദ്ധാരണത്തിന്റെയും സമർപ്പണ ചടങ്ങാണ് 'ദേ...വന്നു...ദാ പോയി' എന്നായത്. ഇന്നലെ ഉച്ച കഴിഞ്ഞ് 3.30നായിരുന്നു സമർപ്പണ ചടങ്ങ് പറഞ്ഞതെങ്കിലും മൂന്നുമണിയോടെ തന്നെ മാർക്കറ്റിൽ എത്തിയ കേന്ദ്രമന്ത്രി സുരേഷ് ഗോപി 20 മിനിട്ടോളം കാറിൽ തന്നെ ഇരുന്നു. തുടർന്ന് 3.20 ന് മേയർ എം.കെ. വർഗീസ് എത്തിയപ്പോൾ മാത്രമാണ് കാറിൽ നിന്നും ഇറങ്ങിയത്. ഉടനെ നാടമുറിച്ച് ചടങ്ങുകൾക്ക് തുടക്കം കുറിച്ച അദ്ദേഹം മൂന്നടി ഉയരത്തിലുള്ള മെഴുകുതിരിയിൽ തിരി തെളിയിച്ചാണ് സമർപ്പണ ചടങ്ങ് നിർവഹിച്ചത്.

ചടങ്ങിന് ശേഷം ഏതാനും പേർ നിവേദനങ്ങളുമായി കേന്ദ്രമന്ത്രിയുടെ സമീപത്ത് നിൽക്കുന്നതിനിടെ കരോളിൻ ജെറീഷ് സ്വാഗതപ്രസംഗം തുടങ്ങി. ഇതും ശബ്ദപശ്നമുണ്ടാക്കിയതോടെ അതും ഒഴിവാക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. അതേസമയം പറഞ്ഞ സമയത്തിന് മുമ്പേ ചടങ്ങ് നടന്നതോടെ ഡിവിഷൻ കൗൺസിലർ സിന്ധു ആന്റോ ചാക്കോള, ബി.ജെ.പി പാർലമെന്ററി പാർട്ടി നേതാവ് വിനോദ് പൊള്ളാഞ്ചേരി അടക്കമുള്ള നേതാക്കൾക്കോ ചടങ്ങിൽ പങ്കെടുക്കാൻ സാധിച്ചില്ല.

മേയർക്ക് പുറമെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കരോളിൻ ജെറീഷ് പെരിഞ്ഞേരി, കൗൺസിലർ കെ.ജി. നിജി എന്നിവർ പങ്കെടുത്തു. ചടങ്ങിൽ മുഖ്യാതിഥിയാകേണ്ട പി. ബാലചന്ദ്രൻ എം.എൽ.എ, ഡെപ്യൂട്ടി മേയർ എം.എൽ. റോസി, പ്രതിപക്ഷ നേതാവ് രാജൻ ജെ. പല്ലൻ, ഭരണ പ്രതിപക്ഷ കൗൺസിലർമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തില്ല. സ്റ്റേജ് വേണ്ടെന്ന് സുരേഷ് ഗോപി പറഞ്ഞിരുന്നെങ്കിലും കോർപറേഷൻ സ്റ്റേജ് ഒരുക്കിയിരുന്നു. കരിമരുന്ന് പ്രയോഗവും ഉണ്ടായിരുന്നു.

ഓഫീസ് സമയത്ത് കൂട്ടായ്മകൾ വേണ്ട; ഉത്തരവ് ഇറക്കി സർക്കാർ

തിരു: സർക്കാർ ഓഫീസുകളുടെ പ്രവർത്തന സമയത്ത് വകുപ്പ് അടിസ്ഥാനത്തിലുള്ള കൂട്ടായ്മകളും സാംസ്കാരിക പരിപാടികളും വിലക്കി സർക്കാർ. ഇതുസംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങി.

ഇക്കാര്യങ്ങൾ സ്ഥാപന മേലധികാരികൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും ഭരണപരിഷ്കാര വകുപ്പിന്റെ ഉത്തരവിലുണ്ട്.

'ഗുരുതര സാമ്പത്തിക കുറ്റകൃത്യം നടന്നു'; കോൺഗ്രസ് നേതാക്കളുടെ വീട്ടിലായിരുന്നെങ്കിൽ റെയ്ഡിന്റെ തിരമാല ഉണ്ടായേനെയെന്ന് ഷാഫി

പാലക്കാട്: കൊടകര കുഴൽപ്പണ കേസുമായി ബന്ധപ്പെട്ട് രാഹുൽ മാങ്കൂട്ടത്തിലിനെതിരെ ബിജെപി സംസ്ഥാന പ്രസിഡന്റ് കെ സുരേന്ദ്രൻ നടത്തിയ പരാമർശത്തിനെതിരെ ഷാഫി പറമ്പിൽ എംപി. ബിജെപി തോൽക്കുമെന്ന് ഉറപ്പായതോടെയാണ് രാഹുലിനെതിരെ ആരോപണങ്ങൾ ഉയർത്തുന്നത്. പാലക്കാട്ടെ ജനങ്ങൾക്ക് എല്ലാം മനസിലായെന്നും ഷാഫി പറഞ്ഞു.

ബിജെപിയെ പരാജയപ്പെടുത്തുന്നത് രാഹുൽ മാങ്കൂട്ടത്തിൽ ആയിരിക്കുമെന്ന ഉറച്ച തീരുമാനം പാലക്കാട്ടെ ജനങ്ങൾ എടുത്തിട്ടുണ്ട്. ബിജെപി മുൻ ഓഫീസ് സെക്രട്ടറിയായിരുന്ന ആളാണ് കള്ളപ്പണം വന്നരീതിയെ കുറിച്ചെല്ലാം ഒരു ചാനലിനോട് പറഞ്ഞത്. അവരുടെ വെളിപ്പെടുത്തലിൽ യുഡിഎഫ് സ്ഥാനാർത്ഥിക്ക് എന്താണ് കാര്യം. അവരുടെ ഓഫീസ് സെക്രട്ടറിയെ നിയന്ത്രിക്കുന്നത് രാഹുൽ മാങ്കൂട്ടത്തിലാണോ? അവർ സെൽഫ് গোളടിക്കുമ്പോൾ പോസ്റ്റ് മാറ്റി യുഡിഎഫ് സ്ഥാനാർത്ഥിയുടെ അടുത്ത് വച്ചിട്ട് രക്ഷപ്പെടാനാകില്ല. ഗുരുതരമായ സാമ്പത്തിക കുറ്റകൃത്യം നടന്നുവെന്ന് ഇപ്പോൾ എല്ലാവർക്കും മനസിലായി.

പൈസ കാറിൽ നിന്നാണ് പിടിച്ചതെങ്കിലും അത് അവിടെയുണ്ടായതല്ലല്ലോ. അതിനൊരു ഉറവിടം ഉണ്ടാവില്ലേ. കേന്ദ്രം ഇതന്വേഷിക്കുന്നുണ്ടോ? കോൺഗ്രസ് നേതാക്കളുടെ വീട്ടിലായിരുന്നെങ്കിൽ ഇപ്പോൾ റെയ്ഡിന്റെ തിരമാലകൾ ഉണ്ടായേനെ. കേരളത്തിലെ സർക്കാർ സുരേന്ദ്രനെ കുറ്റവിമുക്തമാക്കാനുള്ള ധൃതിയിലാണ്. കേരളത്തിലെ പൊലീസ് ഇതിൽ അന്വേഷണം നടത്തുന്നില്ല. ഇഡി എന്താ മൗനം പാലിക്കുന്നത്. വളരെ ഗുരുതരമായ കുറ്റകൃത്യം നടന്നുവെന്ന് എല്ലാവരും ഇപ്പോൾ അംഗീകരിക്കുന്നു. വരും ദിവസങ്ങളിൽ ബിജെപിയിൽ നിന്ന് കൂടുതൽ വെളിപ്പെടുത്തൽ ഉണ്ടാകുമെന്നാണ് ഞാൻ അറിഞ്ഞത്.

'ടോയ്‌ലറ്റിൽ വെള്ളമില്ല'; യാത്രക്കാരന് ഇന്ത്യൻ റെയിൽവേ 30,000 രൂപ പിഴ നൽകണം, ഉത്തരവിട്ട് ഉപഭോക്തൃ കമ്മീഷൻ

അമരാവതി: യാത്രയ്ക്കിടെ ബുദ്ധിമുട്ടനുഭവിച്ച യാത്രക്കാരന് നഷ്ടപരിഹാരമായി ഇന്ത്യൻ റെയിൽവേ 30,000 രൂപ നൽകണമെന്ന് ഉത്തരവിട്ട് വിശാഖപട്ടണം ജില്ലാ ഉപഭോക്തൃ കമ്മീഷൻ. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം ശാരീരികവും മാനസികവുമായ സമ്മർദം അനുഭവിച്ച വി മൂർത്തി എന്ന 55കാരന് 25,000 രൂപ നഷ്ടപരിഹാരവും നിയമ ചെലവുകൾക്കായി 5000 രൂപയും നൽകണമെന്നാണ് സൗത്ത് സെൻട്രൽ റെയിൽവേയ്ക്ക് (എസ്സിആർ) നൽകിയ നിർദേശം.

തിരുപ്പതിയിൽ നിന്ന് വിശാഖപ്പട്ടണത്തിലെ ദുവ്വാഡയിലേക്ക് തിരുമല എക്സ്പ്രസിലാണ് മൂർത്തിയും കുടുംബവും യാത്ര ചെയ്തത്. നാല് എസി ടിക്കറ്റുകൾ അദ്ദേഹം ബുക്ക് ചെയ്തിരുന്നു. 2023 ജൂൺ അഞ്ചിനാണ് ഇവർ തിരുപ്പതി റെയിൽവേ സ്റ്റേഷനിൽ നിന്ന് ട്രെയിൻ കയറിയത്. യാത്രയ്ക്കിടെ ടോയ്‌ലറ്റ് ഉപയോഗിക്കാൻ നോക്കിയപ്പോൾ വെള്ളമില്ലായിരുന്നു. കൂടാതെ കോച്ചിന്റെ എസിയും ശരിയായി പ്രവർത്തിച്ചിരുന്നില്ല. മുഴുവനും വൃത്തിഹീനമായിരുന്നു. മൂർത്തി ഇക്കാര്യം ദുവ്വാഡയിലിറങ്ങി ബന്ധപ്പെട്ട ഓഫീസിൽ അറിയിച്ചെങ്കിലും യാതൊരു നടപടിയുമുണ്ടായില്ല.

മൂർത്തിയുടേത് തെറ്റായ ആരോപണങ്ങളാണെന്നും റെയിൽവേ നൽകിയ സേവനങ്ങൾ ഉപയോഗിച്ച് കുടുംബം സുരക്ഷിതമായി യാത്ര പൂർത്തിയാക്കിയെന്നുമാണ് റെയിൽവേ വാദിച്ചത്. എന്നാൽ, ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്നവർക്ക് സുഖപ്രദമായ യാത്ര ഉറപ്പുവരുത്താൻ റെയിൽവേ ബാദ്ധ്യസ്ഥരാണെന്നും വിശാഖപട്ടണം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ വ്യക്തമാക്കി. അടിസ്ഥാന സൗകര്യങ്ങൾ പോലും പരിശോധിക്കാതെയാണ് ട്രെയിൻ ഓടുന്നതെന്നും കമ്മീഷൻ കുറ്റപ്പെടുത്തി.

ദീപാവലി ആഘോഷങ്ങൾക്കിടെ വെടിവയ്പ്; രണ്ടുമരണം; അച്ഛന് വെടിയേറ്റത് മകന്റെ മുന്നിൽവച്ച്

ഡൽഹി: ദീപാവലി ആഘോഷങ്ങൾക്കിടെയുണ്ടായ വെടിവയ്പിൽ ഒരുകുടുംബത്തിലെ രണ്ട് പേർ മരിച്ചു. 40കാരായ ആകാശ് ശർമ മരുമകൻ റിഷഭ് ശർമ എന്നിവരാണ് കൊല്ലപ്പെട്ടത്. പത്തുവയസുള്ള ക്രിഷ് ശർമയ്ക്ക് മുന്നിൽവച്ചാണ് പിതാവ് ആകാശിന് വെടിയേറ്റത്.

സ്കൂട്ടറിലെത്തിയ ആയുധധാരികളാണ് വെടിയുതിർത്തത്. കുടുംബം ദീപാവലി ആഘോഷിക്കുന്നിടത്തേയ്ക്ക് വന്ന അക്രമികൾ ആകാശിന്റെ കാൽതൊട്ട് വന്ദിച്ചശേഷമാണ് വെടി ഉതിർത്തത്. വടക്കുകിഴക്കൻ ഡൽഹിയിലെ ഷഹ്ദരയിലെ വീടിനു പുറത്തുവച്ച് പടക്കം പൊട്ടിച്ച് ആഘോഷം നടത്തുകയായിരുന്നു കുടുംബം. രാത്രി എട്ടുമണിയോടെയാണ് ഇവരുടെ വീടിനു മുൻവശത്തേക്ക് രണ്ടുപേർ സ്കൂട്ടറിൽ എത്തിയത്. ആകാശ് ശർമയ്ക്കും റിഷഭ് ശർമയ്ക്കുമൊപ്പം ആകാശിന്റെ മകൻ 10വയസുകാരൻ ക്രിഷ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ലൈസൻസ് പുതുക്കി നൽകാത്തതിന് പഞ്ചായത്ത് സെക്രട്ടറി നഷ്ടപരിഹാരം നൽകണം

ഇരിങ്ങാലക്കുട: വ്യവസായ സ്ഥാപനത്തിന്റെ ലൈസൻസും റസിഡൻഷ്യൽ സർട്ടിഫിക്കറ്റും പുതുക്കി നൽകാത്തതിന് കൊടകര പഞ്ചായത്ത് സെക്രട്ടറി 50,000 രൂപയും പലിശയും അന്യായക്കാരന് നൽകാൻ ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് ഉത്തരവിട്ടു.

31-3-2018ൽ കാലാവധി അവസാനിച്ച തന്റെ സ്ഥാപനത്തിന്റെ ഡി & ഒ ലൈസൻസും റസിഡൻഷ്യൽ സർട്ടിഫിക്കറ്റും പുതുക്കി നൽകാത്തതിന് കൊടകര വല്ലപ്പാടിയിൽ സ്ഥാപിതമായ ഭൂമിക ബിസിനസ് ലിങ്ക് ഉടമ രഞ്ജിത് ബാബു ഫയൽ ചെയ്ത കേസിലാണ് കൊടകര പഞ്ചായത്ത് സെക്രട്ടറി ജി സബിതയോട് 50,000 രൂപയും കേസ് രജിസ്ട്രർ ചെയ്ത തിയ്യതി മുതൽ വിധിവരെ 12 ശതമാനം പലിശയും വിധിക്കുശേഷം പണം നൽകുന്നതുവരെ 6 ശതമാനം പലിശയും സഹിതം അന്യായക്കാരന് നല്കാൻ ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് എൽദോസ് മാത്യു ഉത്തരവിട്ടത്.

31-3-2018ൽ അവസാനിച്ച ലൈസൻസ് പുതുക്കാൻ ഏപ്രിൽ മാസത്തിൽതന്നെ അപേക്ഷ നൽകിയിരുന്നെങ്കിലും വിവിധ കാരണങ്ങൾ പറഞ്ഞ് അത് നിരാകരിക്കുകയായിരുന്നു.

വിവിധ ലൈ സൻസുകൾ ലഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കാൻ 2018ലെ കേരള ഇൻവെസ്റ്റമെന്റ് പ്രമോഷൻ & ഫെസിലിറ്റേഷൻ ആക്ട്, കേരള പഞ്ചായത്ത് രാജ് ആക്ട്, ലൈസൻസ് പുതുക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ തുടങ്ങിയവ വിശദീകരിച്ചുകൊണ്ടാണ് കോടതി വിധി പ്രസ്താവിച്ചത്.

അന്യായക്കാരനുവേണ്ടി അഡ്വ. സി കെ ഗോപി ഹാജരായി. 2-ാം പ്രതിയായ പഞ്ചായത്ത് ഇ ഒ -നോമിനി പാർട്ടി മാത്രമായതിനാൽ പഞ്ചായത്തിനെതിരെ വിധി പ്രസ്താവിച്ചിട്ടില്ല.

വാർഷികയോഗവും കുടുംബ സംഗമവും നവംബർ 2 ന്

ഇരിങ്ങാലക്കുട : കേരള സ്റ്റേറ്റ് എക്സ് -സർവീസസ് ലീഗ് ഇരിങ്ങാലക്കുട ബ്ലോക്ക് 41 -ാമത് വാർഷിക പൊതുയോഗവും കുടുംബസംഗമവും നവംബർ 2 ന് മുനിസിപ്പൽ ടൗൺ ഹാളിൽ നടക്കും. രാവിലെ 9.30 ന് ആരംഭിക്കുന്ന പരിപാടികൾ ജില്ലാ റൂറൽ പോലീസ് മേധാവി ഡോ നവനീത് ശർമ്മ ഐപിഎസ് ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡണ്ട് അശോക് കുമാർ മുഖ്യ പ്രഭാഷണം നടത്തും.

350 ഓളം പേർ കുടുംബസംഗമത്തിൽ പങ്കെടുക്കുമെന്ന് ബ്ലോക്ക് പ്രസിഡണ്ട് ക്യാപ്റ്റൻ കെ സോമൻ, സെക്രട്ടറി ജോർജ്ജ് എം ഡി എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു. വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്ക് നഗരസഭ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് സ്കോളർഷിപ്പുകൾ വിതരണം ചെയ്യും.

ഭാരവാഹികളായ ക്യാപ്റ്റൻ പി കെ ദാസൻ, സി കെ വൽസൻ, ജിജി മോൻ കെ റപ്പായി, ഇ ഡി സുരേഷ് എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

സി, ബി, എസ്, ഇ നാഷണൽ സ്കേറ്റിംഗ് മൽസരത്തിൽ 19 വയസ്സിന് താഴെയുള്ളവർക്കുള്ള 300,500 വിഭാഗങ്ങളിൽ ഹിദ ഫാത്തിമക്ക് ഇരട്ട വെങ്കല മെഡൽ. കർണ്ണാടകയിലെ ബെൽഗാവിൽ വെച്ചായിരുന്നു മത്സരം. ഷാർജയിലെ അൽ ഒമർ റോളർ സ്കേറ്റിംഗ് അക്കാദമിയിൽ രണ്ട് വർഷമായി സ്കേറ്റിംഗ് പഠിക്കുന്നു. ജി, സി, സിയിലെ ആദ്യത്തെ സി, ബി, എസ്, ഇ നാഷണൽ മെഡൽ വിജയിയാണ്. ഷാർജ ഇന്ത്യൻ സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിയാണ്. തൃശൂർ പെരുമ്പിലാവ് സ്വദേശി ഹംസയുടെയും ജാസ്മിയുടെയും മകളാണ്

വലപ്പാട് ഇന്ദിരാ പ്രിയദർശനിയുടെ രക്തസാക്ഷിത്വ ദിനം ആചരിച്ചു. അനുസ്മരണം ഡി.സി.സി ജനറൽ സെക്രട്ടറി കെ. ദിലീപ് കുമാർ അരു സ്മരണ പ്രഭാഷണം നിർവ്വഹിച്ചു. ജോസ് താടിക്കാരൻ, സി.ആർ. അറമുഖൻ, എ. എൻ. ജെയ്ക്കോ, ടി.ജെ. ഡേവിസ് എന്നിവർ സംസാരിച്ചു.

സി ആർ പ്രസാദ്, എ. പി.ജെവൻ, എം വി ഉണ്ണികൃഷ്ണൻ എന്നിവർ നേതൃത്വം നൽകി.

തൃശ്ശൂർ സഹോദയ സി ബി എസ് ഇ ജില്ലാ ഖോ ഖൊ ടൂർണമെന്റ് സമാപിച്ചു

കാക്കശ്ശേരി: വിദ്യാവിഹാർ സെൻട്രൽ സ്കൂളിൽ വെച്ച് നടന്ന തൃശ്ശൂർ സഹോദയ ജില്ലാ സി ബി എസ് ഇ അണ്ടർ 19-ഖോ ഖൊ ടൂർണമെന്റ് സമാപിച്ചു. ജില്ലയിലെ 25 സ്കൂളുകൾ പങ്കെടുത്ത മത്സരത്തിൽ ആൺ കുട്ടികളുടെ വിഭാഗത്തിൽ ഗുരുവായൂർ ദേവസ്വം ഇംഗ്ലീഷ് മീഡിയം സ്കൂൾ ജേതാക്കളായി.രണ്ടാം സ്ഥാനം വിദ്യാവിഹാർ സെൻട്രൽ സ്കൂൾ കാക്കശ്ശേരി നേടി. മൂന്നാം സ്ഥാനത്തെത്തിയത് ഭാരതീയ വിദ്യാഭവൻ അകമലയും നിർമ്മല മാത സെൻട്രൽ സ്കൂൾ തൃശ്ശൂരുമാണ്.

പെൺകുട്ടികളുടെ വിഭാഗത്തിൽ ഗുരുവായൂർ ദേവസ്വം ഇംഗ്ലീഷ് മീഡിയം സ്കൂൾ ഒന്നാം സ്ഥാനവും വിദ്യാവിഹാർ സെൻട്രൽ സ്കൂൾ കാക്കശ്ശേരി രണ്ടാം സ്ഥാനവും നേടി.കെ.എം.ബി.എം പോട്ടോറും, അറാഫ ഇംഗ്ലീഷ് സ്കൂൾ ആട്ടൂർ മൂന്നാം സ്ഥാനവും നേടി. സമാപന സമ്മേളനത്തിൽ വിദ്യാവിഹാർ മാനേജിംഗ് ട്രസ്റ്റി അഡ്വ.കെ.വി.മോഹന കൃഷ്ണൻ, അക്കാദമിക് ഡയറക്ടർ ശോഭ മേനോൻ,

പി.ടി.എ.പ്രസിഡന്റ് അഡ്വ.സുജിത് അയിനിപ്പുള്ളി, പ്രിൻസിപ്പാൾ ഉഷ നന്ദകുമാർ, വൈസ് പ്രിൻസിപ്പാൾ സ്റ്റെല്ല ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു. അണ്ടർ 14 ടൂർണമെന്റ് മത്സരങ്ങൾ നവംബറിൽ കാക്കശ്ശേരി വിദ്യാവിഹാർ സെൻട്രൽ സ്കൂളിൽ വെച്ച് നടത്തും.

ബൈക്കിടിച്ച് മധ്യവയസ്കക്ക് പരിക്ക്

ഗുരുവായൂർ: പന്തായിൽ ക്ഷേത്രത്തിന് സമീപം ബൈക്കിടിച്ച്, കാൽനടയാത്രികക്ക് പരിക്ക്. ഗുരുവായൂർ സ്വദേശിനി വെള്ളക്കത്തറ സിന്ധു (54) വിനാണ് പരിക്കുപറ്റിയത്. ബൈക്ക് യാത്രക്കാരനായ അഞ്ചങ്ങാടി സ്വദേശി പുതു വീട്ടിൽ സൽമാൻ (18) നും പരിക്കുപറ്റി. ഇരുവരെയും ഗുരുവായൂർ അഇാട പ്രവർത്തകർ മുതുവട്ടൂർ രാജാ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു

ഓഫീസ് പ്രവർത്തന ഉദ്ഘാടനം

കുന്നംകുളം: അണ്ടത്തോട് സബ്ബ് രജിസ്ട്രാർ ഓഫീസ് പുതിയതായി പണികഴിപ്പിച്ച കെട്ടിടത്തിൽ ഇന്ന് മുതൽ പ്രവർത്തനമാരംഭിച്ചു. പുതിയ കെട്ടിടത്തിലെ ഓഫീസ് പ്രവർത്തനോദ്ഘാടനം രാവിലെ 10 ന് എൻ.കെ അക്ബർ എം.എൽ.എ നിർവ്വഹിച്ചു. കിഫ്ബി പദ്ധതിയിൽ നിന്നും 1.87 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പുതിയ ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം 2024 ജനുവരി 27 ന് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവ്വഹിച്ചിരുന്നു.

പതാകദിനം ആചരിച്ചു

ഒരുമനയൂർ: എൻഎസ്എസ് കരയോഗം (2801) പതാകദിനം ആചരിച്ചു. കരയോഗം സെക്രട്ടറി ശശി നായർ വട്ടേക്കാട്ട് എൻഎസ്എസ് പതാക ഉയർത്തുകയും, കരയോഗം വൈസ് പ്രസിഡണ്ട് ദിനേശ് പി പ്രതിജ്ഞ ചൊല്ലി കൊടുത്തു.കരയോഗം ഭാരവാഹികളായ രാമചന്ദ്രൻ നായർ ഐശ്വര്യ, ഗിരിജൻ നായർ, രാംദാസ് വളപ്പിൽ എന്നിവരും മറ്റ് കരയോഗം കുടുംബാംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.

പ്രൊഫ. മാമ്പുഴയുടെ നിര്യാണത്തിൽ അനുശോചിച്ചു

തൃശൂർ: പ്രമുഖ നിരൂപകനും സഹൃദയ വേദി മുൻ ഉപദേശക സമിതിയംഗവുമായിരുന്ന പ്രൊ. മാമ്പുഴ കുമാരന്റെ നിര്യാണത്തിൽ സഹൃദയ വേദി കമ്മിറ്റി യോഗം അനുശോചനം രേഖപ്പെടുത്തി. പ്രസിഡണ്ട് ജസ്റ്റീസ് പി.എൻ. വിജയകുമാർ, സെക്രട്ടറി ബേബി മൂക്കൻ, പ്രൊഫ.വി.എ. വർഗ്ഗീസ് എന്നിവർ വസതിയിൽ പോയി ആദരാഞ്ജലി അർപ്പിച്ചു.

ഇന്ദിരാജിയെ തമസ്കരിക്കുന്നത് ചരിത്രനിന്ദ; തേറമ്പിൽ

തൃശൂർ: രാജ്യത്തെ തൊട്ടറിഞ്ഞ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയെ തമസ്കരിക്കുന്നത് ചരിത്രനിന്ദയാണെന്ന് മുൻ നിയമസഭസ്പീക്കർ തേറമ്പിൽരാമകൃഷ്ണൻ പറഞ്ഞു. നാട്ടു രാജ്യങ്ങളെ കൂട്ടിചേർത്ത് സർദാർ വല്ലഭായ് പട്ടേൽ ഇന്ത്യയെ ശക്തിപ്പെടുത്തിയെങ്കിൽ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്ത് സംരക്ഷിക്കാൻ സ്വജീവൻ നൽകേണ്ടി വന്ന ഭരണാധികാരിയാണ് ഇന്ദിരാജി. സ്വാതന്ത്ര്യ സമരത്തിന്റെ പൈതൃകം അവകാശപ്പെടാൻ സംഘപരിവാറിന് ആരും ഇല്ലാത്തതിനാലാണ് ആർ എസ് എസിന്റെ ശത്രുവായിരുന്ന പട്ടേലിനെ മോദിയും കൂട്ടരും സ്വന്തമാക്കാൻ ശ്രമിക്കുന്നത്. ഡി സി സി യിൽ നടത്തിയ ഇന്ദിരാജിയുടെ 40-ാം രക്തസാക്ഷിത്വ വാർഷികദിനത്തിന്റേയും സർദാർ പട്ടേലിന്റെ 149-ാം ജന്മവാർഷികദിനത്തിന്റേയും സംയുക്ത അനുസ്മരണ ചടങ്ങ് ഉത്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു തേറമ്പിൽ രാമകൃഷ്ണൻ. ഡി സി സി വൈസ് പ്രസിഡണ്ട് അഡ്വ ജോസഫ് ടാജറ്റ് അദ്ധ്യക്ഷതവഹിച്ച ചടങ്ങിൽ ടി വി ചന്ദ്രമോഹൻ, കെ.കെ.കൊച്ചുമുഹമ്മദ്, രാജേന്ദ്രൻ അരങ്ങത്ത്, കെ.ബി ശശികുമാർ, ഐ. പി പോൾ, സി ഒ ജേക്കബ്, കെ എച്ച് ഉസ്മാൻഖാൻ, സിജോ കടവിൽ, കെ ഗോപാലകൃഷ്ണൻ, കെ വി ദാസൻ, ടി കെ പൊറിഞ്ചു, എം എസ് ശിവരാമകൃഷ്ണൻ, രവി താണിക്കൽ, സെബി കൊടിയൻ, കെ ബി ജയറാം, പി ശിവശങ്കരൻ, കെ പി രാധാകൃഷ്ണൻ, ഫ്രാൻസിസ് ചാലിശ്ശേരി, ഹരീഷ് മോഹൻ, പി.ഡി റപ്പായി എന്നിവർ പ്രസംഗിച്ചു.

പുതുക്കാട്: മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മറവാഞ്ചേരി പ്രിയദർശിനി സ്മൃതി മണ്ഡപത്തിൽ നടത്തിയ ഇന്ദിരാജി രക്തസാക്ഷിത്വ ദിനാചരണവും പുഷ്പാ ച്ചനയും സർദാർ വല്ലഭായി പട്ടേൽ ജന്മദിനവും പുതുക്കാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ എം ബാബുരാജ് ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് ടി എസ് രാജു അദ്ധ്യക്ഷനായിരുന്നു. ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് സുധൻ കാരയിൽ, വൈസ് പ്രസിഡന്റ് ഷാജു കാളിയേങ്കര, വർഗീസ് തെക്കേത്തല, ജസ്റ്റിൻ ആറ്റുപുറം, രാജകുമാരി വിനോദ്, ടി സി രാജൻ, ലിജി കുണ്ടുകുളം, സേവ്യർ പൊന്തോക്കൻ , ജോയ് വെല്ലപ്പാടി എന്നിവർ പ്രസംഗിച്ചു.

അമലയിൽ ദി അൺക്യാപ്പ്ഡ് ക്രൂസേഡർ നാടക അവതരണം

അമലനഗർ: അമലയിലെ അണുബാധ നിയന്ത്രണ വാരാചരണത്തോടനുബന്ധിച്ചു വൈദ്യ ചരിത്രത്തിലെ ഒരു പ്രധാനസംഭവം കോളറ രോഗം വായുവിലൂടെയല്ല വെള്ളത്തിലൂടെയാണ് പകരുന്നതെന്ന് കണ്ടുപിടിച്ച ജോൺ സ്നോയുടെ ജീവിത കഥ അമല കുടുംബാംഗങ്ങൾ നാടകമായി അവതരിപ്പിച്ചു.

നാടകത്തിന്റെ മറ്റൊരു പ്രത്യേകത ഇതൊരു 'ഹൈബ്രിഡ്' നാടകമായിരുന്നുവെന്നുള്ളതാണ്. ചില കഥാപാത്രങ്ങൾ സ്റ്റേജിലും ചില കഥാപാത്രങ്ങൾ എൽ ഈ ഡി വാളിലുമാണ് വന്നത്. ഡോക്ടർമാരും സ്റ്റാഫ് അംഗങ്ങളും ആണ് പ്രധാന കഥാപാത്രങ്ങൾക്ക് ജീവൻ നൽകിയത്.

സി.ഐ.ടി.യു. തൊഴിലാളിയെ അപരനായി രംഗത്തിറക്കിയത് തോൽവി മുന്നിൽകണ്ടതിനാൽ: കോൺഗ്രസ്

ചേലക്കര: എൽ.ഡി.എഫ്.സ്ഥാനാർത്ഥിയായി ചേലക്കരയിൽ മത്സരിക്കുന്നത് പ്രദീപ് ആണോ ഹരിദാസാണോ എന്ന് സി.പി.എം.പറയണം. സി.ഐ.ടി.യു. തൊഴിലാളിയായ പഴയന്നൂർ കോടത്തൂർ ഹരിദാസനെ അപരനായി രംഗത്തിറക്കിയത് തോൽവി മുന്നിൽകണ്ടതിനാലാണെന്ന്- കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റുമാരായ പി.എം.അനീഷ്,പി.ഐ.ഷാനവാസ് എന്നിവർ വാർത്താസമ്മേളനത്തിലൂടെ ആരോപിച്ചു.

തിരഞ്ഞെടുപ്പിനെ രാഷ്ട്രീയമായിട്ടാണ് നേരിടേണ്ടത്. അല്ലാതെ അപര പേരുകൾ ഉള്ളവരെ തേടിപ്പിടിച്ച് സ്ഥാനാർത്ഥിയാക്കിയിട്ടല്ല. തോൽവി മനസിലാക്കി സി.പി.എം. നടത്തുന്ന ഇത്തരം വിലകുറഞ്ഞ രാഷ്ട്രീയം ജനം പുച്ഛിച്ച് തള്ളും.

യു.ആർ.പ്രദീപിന് വേണ്ടി ഫ്ളക്സിൽ ഫോട്ടോ സഹിതം നിൽക്കുന്ന സി.ഐ.ടി.യു. തൊഴിലാളി ഹരിദാസനെ കുറിച്ച് മാധ്യമങ്ങൾ തന്നെയാണ് വാർത്ത പുറത്ത് കൊണ്ടുവന്നത്. സി.പി.എം. ഫ്ളക്സിൽ പ്രദീപിനൊപ്പം ഹരിദാസനും നിൽക്കുന്നു. ഒരുഫ്ളക്സിൽ രണ്ട് സ്ഥാനാർത്ഥികൾ വോട്ടഭ്യർത്ഥിച്ച് നിൽക്കുന്ന ചിത്രം പുറത്ത് വന്നതോടെ സി.പി.എം.പ്രവർത്തകനും സി.ഐ.ടി.യു. തൊഴിലാളിയുമാണെന്നതിന് ഇതിനേക്കാൾ വലിയ തെളിവ് ആവശ്യമില്ല. ഹരിദാസൻ വിമതനോ അപരനോ എന്ന് സിപിഐഎം വ്യക്തമാക്കണം

സി.പി.എമ്മിന്റെ തോൽവി ഉറപ്പാണ്. ചേലക്കര യു.ഡി.എഫ്.സ്ഥാനാർത്ഥി രമ്യഹരിദാസിന്റെ വിജയം സുനിശ്ചിതമാണ്- പി.എം.അനീഷ്, പി.ഐ. ഷാനവാസ് എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സിട്രോയെൻ, ജീപ് ഡീലർഷിപ് തൃശൂരിൽ

തൃശൂർ: സിട്രോയെൻ, ജീപ്പ് എന്നിവയ്ക്കായി തൃശൂരിൽ പുതിയ ഔട്ട്ലെറ്റ്. ദേശീയപാതയിൽ മരത്താക്കരയിലാണ് സ്റ്റെല്ലാന്റിസ് ബ്രാൻഡ് ഹൗസ് തുറന്നത്. പരമ്പരാഗത ഐസിഇ മുതൽ വൈദ്യുത വാഹനങ്ങൾ വരെ ഔട്ട്ലെറ്റിൽ ലഭ്യമായിരിക്കും. ഗ്രാൻഡ് ചെറോകീ, റാങ്ക്ലർ, മെരിഡിയൻ, കോംപാസ് എന്നീ ജീപ്പിന്റെ മുഴുവൻ മോഡലുകളും ഇവിടെ ഉണ്ടാവും. സി3, ഇസി3, ബസാൽട്ട്, എയർക്രോസ് എസ് യുവി, സി5 എയർക്രോസ് എസ് യുവി എന്നീ എല്ലാ സിട്രോയെൻ ബ്രാൻഡുകളും ഉണ്ട്. വിഗദ്ധരായ തൊഴിലാളികളുള്ള വർക്ക് ഷോപ്പും ഇവിടെ പ്രവർത്തിക്കും. ഇതോടെ സിട്രോയെന്റെ ഡീലർഷിപ്പുകളുടെ എണ്ണം 156ഉം ജീപ്പിന്റെത് 150ഉം ആയി ഉയർന്നു. തൃശൂരിനൊപ്പം അസനോളിലും മീററ്റിലും പുതിയ ഡീലർഷിപ്പുകൾ തുറന്നിട്ടുണ്ട്.

ഇന്ദിരാ ഗാന്ധി അനുസ്മരണം നടത്തി

ഇരിങ്ങാലക്കുട : കോൺഗ്രസ് ബ്ലോക്ക് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ രക്തസാക്ഷിത്വ ദിനാചരണത്തിൽ പുഷ്പാർച്ചനയും, അനുസ്മരണവും രാജീവ് ഗാന്ധി മന്ദിരാങ്കണത്തിൽ നടന്നു. കെ. പി. സി. സി. മുൻ ജനറൽ സെക്രട്ടറി എം.പി. ജാക്സൺ ഉദ്ഘാടനം ചെയ്തു ബ്ലോക്ക് കോൺഗ്രസ് കമ്മറ്റി പ്രസിഡണ്ട് സോമൻ ചിറ്റേത്ത് അധ്യക്ഷത വഹിച്ചു. നഗരസഭാധ്യക്ഷ മേരിക്കുട്ടി ജോയ് മുഖ്യ പ്രഭാഷണം നടത്തി.

കെ. വേണു മാസ്റ്റർ, സി. എസ്. അബ്ദുൾ ഹഖ്, ടി.വി. ചാർളി, സുജ സജ്ജീവ് കുമാർ, ജോസഫ് ചാക്കോ എന്നിവർ പ്രസംഗിച്ചു. കൗൺസിലർമാർ, ബ്ലോക്ക് - മണ്ഡലം ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

ഇന്ദിരാഗാന്ധി രക്തസാക്ഷിത്വദിനം നെട്ടിശ്ശേരിയിൽ

തൃശൂർ: എന്റെ അവസാന ശ്വാസം വരെ ഞാൻ സേവനത്തിൽ തുടരും, ഞാൻ മരിക്കുമ്പോൾ, എന്റെ ഓരോ തുള്ളി രക്തവും ഇന്ത്യയെ ഉത്തേജിപ്പിക്കുകയും, ശക്തിപ്പെടുത്തുകയും ചെയ്യുമെന്ന് സധൈര്യം പറഞ്ഞ ദേശീയ താൽപര്യം സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം ഏറ്റെടുത്ത് സ്വന്തം അംഗരക്ഷകരിൽ നിന്നും വെടിയേറ്റ് രാജ്യത്തിന് വേണ്ടി ജീവൻ ബലിനൽകിയ മുൻ പ്രധാനമന്ത്രി ഇന്ത്യയുടെ ഉരുക്കു വനിത ഇന്ദിര ഗാന്ധി നമ്മെ വിട്ടു പിരിഞ്ഞിട്ട് 40 വർഷം തികയുകയാണ്. എന്നിട്ടും ഇന്നും ഇന്ത്യയിൽ ഓർമ്മകളിലൂടെ ജ്വലിക്കുന്നു. അതെ ഇന്ത്യ ജ്വലിക്കുന്നു ഇന്ദിരയിലൂടെ.

ഇന്ദിര ഗാന്ധിയുടെ രക്തസാക്ഷിത്വ ദിനാചരണം നെട്ടിശ്ശേരിയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തി. കാർഷിക സർവ്വകലാശാല മുൻ ജോയിന്റ് രജിസ്ട്രാർ വി.ബാലഗോപാലൻ ഉദ്ഘാടനം നിർവഹിച്ചു. യൂത്ത് കോൺഗ്രസ് നേതാവ് ജെൻസൻ ജോസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ചു. ദളിത് ഡെവലപ്പ്മെന്റ് ഫെഡറേഷൻ ജില്ലാ സെക്രട്ടറി ശശി നെട്ടിശ്ശേരി മുഖ്യ പ്രഭാഷണം നടത്തി. ടി.ശ്രീധരൻ, യു.വിജയൻ, കെ.മാധവൻ, കെ.കെ. ജോർജ്ജ്, സി. പഴനിമല, സിന്റോമോൾ സോജൻ, ഒ.ഹരിദാസ്, സി.ബി.വിപിൻ, സോജൻ.സി.ഡേവിസ്, രോഹിത്ത് നന്ദൻ, വേണു എന്നിവർ നേതൃത്വം നൽകി.

ഐക്യ കേരളം 68 ന്റെ നിറവിൽ, ഇന്ന് കേരളപ്പിറവി ദിനം

തൃശ്ശൂർ : കേരളസംസ്ഥാനം രൂപീകരിച്ച നവംബർ ഒന്നാണ് കേരളപ്പിറവി എന്നറിയപ്പെടുന്നത്. 1947-ൽ ഇന്ത്യ ബ്രിട്ടീഷുകാരിൽ നിന്നും സ്വതന്ത്രമായ ശേഷം, ഐക്യകേരളത്തിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടു. 1956 ലെ സംസ്ഥാന പുനഃസംഘടനനിയമമാണ് ഈ പുനർസംഘടനക്കും പല സംസ്ഥാന രൂപീകരണങ്ങൾക്കും, വിഭജനത്തിനു ആധാരം. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനർസംഘടിപ്പിക്കാനുള്ള ഇന്ത്യാഗവൺമെന്റിന്റെ തീരുമാനപ്രകാരം തിരുവിതാംകൂർ, കൊച്ചി രാജ്യങ്ങൾ മദ്രാസ് പ്രസിഡൻസിയുടെ മലബാർ പ്രദേശങ്ങൾ ഇങ്ങനെ മലയാളം പ്രധാനഭാഷയായ പ്രദേശങ്ങളെല്ലാം കൂട്ടിച്ചേർത്തുകൊണ്ട് 1956 നവംബർ 1ന് കേരളം എന്ന സംസ്ഥാനം രൂപവത്കരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നവംബർ ഒന്ന് കേരളപ്പിറവിദിനമായി ആഘോഷിക്കപ്പെടുന്നു. രൂപീകൃതമാകുമ്പോൾ ഇന്ത്യയിലെ 14 സംസ്ഥാനങ്ങളിൽ ഏറ്റവും ചെറിയ സംസ്ഥാനമായിരുന്നു കേരളം. രൂപീകരണ സമയത്ത് കേരളത്തിൽ വെറും 5 ജില്ലകൾ മാത്രമാണ് ഉണ്ടായിരുന്നത്. എന്നിരുന്നാലും വിദ്യാഭ്യാസത്തിൽ ഏറ്റവും മുൻപന്തിയിലായിരുന്നു കേരളം. ഫസൽ അലി തലവനായും സർദാർ കെ.എം. പണിക്കർ, പണ്ഡിറ്റ് ഹൃദയനാഥ്കുൻസ്രു എന്നിവർ അംഗങ്ങളുമായുള്ള സംസ്ഥാന പുന:സംഘടനാ കമ്മീഷൻ രൂപവൽക്കരിച്ചത് 1953-ലാണ്. 1955-സെപ്റ്റംബറിൽ കമ്മീഷൻ കേന്ദ്ര ഗവൺമെന്റിനു റിപ്പോർട്ടു സമർപ്പിച്ചു. അതിൽ കേരള സംസ്ഥാനരൂപവത്കരണത്തിനും ശുപാർശയുണ്ടായിരുന്നു.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ

OS: 399/2024

ഇരിങ്ങാലക്കുട നിധി ലിമിറ്റഡ്, ഇരിങ്ങാലക്കുട എന്ന സ്ഥാപനം

- വാദി

1) മുകുന്ദപുരം താലൂക്ക്, പടിയൂർ വില്ലേജ്, ദേശത്ത് പുത്തൻപുരയ്ക്കൽ ബിജോയ് ഭാര്യ പ്രീമ
2) ടി താലൂക്ക് ടി വില്ലേജ് പുത്തൻപുരയ്ക്കൽ ചന്ദ്രശേഖരൻ മകൻ ബിജോയ്

-1, 2 പ്രതികൾ

മേൽ നമ്പർ കേസിലെ 1, 2 പ്രതികൾക്കുള്ള സമൻസും IA: 2/2024-ാം നമ്പർ ഹരജികാര്യത്തിൽ എതൃകക്ഷിക്കുള്ള നോട്ടീസും പതിച്ചുനടത്തുവാൻ കല്പിച്ച് മേൽ നമ്പർ കേസിന്റെ വിചാരണ വിചാരണ **28-11-2024** തിയ്യതിക്ക് വെച്ചിരിക്കുന്നു. തർക്കമുണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് നിയമാനുസരണം കോർട്ടിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 31-10-2024
ഉത്തരവിൻ പ്രകാരം
വാദിഭാഗം അഡ്വക്കേറ്റ്
ഇ. എൻ. ചന്ദ്രശേഖരൻ (ഒപ്പ്)

കോടതി പരസ്യം

ബഹു. ഒറ്റപ്പാലം MACT മുമ്പാകെ

OP(MV): 579/2022
IA: 2/2024

The New India Assurance Co. Ltd

-Petitioner

Sreejith K.S., S/o. Sajeevan, Karumathil House, Ponnore, Colonypadi, Edakalathur, Thrissur-680552

-Respondent No. 1

ടി എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്താൻ കല്പിച്ച് **28-11-2025** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 30-10-2024
ഹരജിക്കാരൻഭാഗം
അഡ്വക്കേറ്റ്
പി രാജശങ്കർ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV): 2507/2022

Pushpa

-Petitioner

Pranav Ghosh P.A., S/o. Ajay Ghosh, Pokkuruparambil House, P.O. Pazhayi, Pudukkad, Thrissur

-Respondent No. 1

മേൽ നമ്പർ കേസ് 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുന്നതിന് കല്പിച്ച് മേൽ നമ്പർ കേസ് **18-02-2025** തിയ്യതി യിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 01-11-2024
ഹരജിഭാഗം അഡ്വക്കേറ്റ്
പി കെ ജോൺ
(ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ പ്രിൻസിപ്പൽ സബ്ബ് കോടതി മുമ്പാകെ

OS: 75/2020

ന്യൂ മില്ലേനിയം കുറീസ് പ്രൈവറ്റ് ലിമിറ്റ